പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.801 11.06.2014 ൽ മറുപടിക്ക്

മുല്ലപ്പെരിയാർ പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിൽ വന്ന സുപ്രീം കോടതി വിധി പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ; | (ബി) 12.05.2014 ൽ ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിൽ ഉണ്ടായ പൊതുധാരണയുടെ അടിസ്ഥാനത്തിൽ ആദ്യമേൽനടപടിയായി ഒരു പുന:പരിശോധനാഹർജി ഫയൽ ചെയ്യാനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. കൂടാതെ സുപ്രീംകോടതി മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധമായ കാര്യങ്ങൾ നിരീക്ഷിച്ച് വേണ്ട നടപടികൾ എടുക്കാൻ നിയോഗിച്ച മൂന്നംഗ സമിതിയിലെ കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. വി.ജെ കുര്യനെ സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. സമിതിയുടെ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

കേന്ദ്രജലകമ്മീഷന്റെ പ്രതിനിധിയെ നിശ്ചയിക്കുന്ന കാര്യത്തിൽ കൈക്കൊണ്ട തീരുമാനം കഴിവതും വേഗം അറിയിക്കുവാൻ കേന്ദ്രജലകമ്മീഷൻ ചെയർമാനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത കേസിൽ കേരളത്തിന്റെ വാദം സുപ്രീം കോടതിയെ ധരിപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) ഇക്കാര്യത്തിൽ കേരളത്തിന് ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല. |
| (ഡി) മുല്ലപ്പെരിയാർ കേസിൽ സംസ്ഥാന സർക്കാരിനുവേണ്ടിയും തമിഴ്നാട് സർക്കാരിനു വേണ്ടിയും ഏതെല്ലാം അഭിഭാഷകരാണ് ഓരോ കാലയളവിലും സുപ്രീം കോടതിയിൽ ഹാജരായതെന്ന് വിശദമാക്കുമോ ? | (ഡി) മുല്ലപ്പെരിയാർ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളത്തിനു വേണ്ടിയും തമിഴ് നാടിനുവേണ്ടിയും ഹാജരായ അഭിഭാഷകരുടെ വിവരം താഴെ ചേർത്തിരിക്കുന്നു. |

കഴിഞ്ഞ സർക്കാർ കാലയളവിൽ (മെയ് 2006-മെയ് 2011) കേരളത്തിന് വേണ്ടി മുല്ലപ്പെരിയാർ കേസിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വാദിച്ചവർ.

ശ്രീ. ജി. പ്രകാശ്, സ്റ്റാൻഡിംഗ് കൗൺസിൽ, സീനിയർ അഭിഭാഷകരായ ശ്രീ.ഹരീഷ്.എൻ.സാൽവേ, ശ്രീ.രാജീവ് ധവാൻ, ശ്രീ.വി.ഗിരി, അഭിഭാഷകരായ ശ്രീ.മോഹൻ.വി.കട്ടാർക്കി എന്നിവരാണ്. ശ്രീ.അശോക്ദേശായി, ശ്രീ.പരംജിത് സിംഗ്, ശ്രീമതി. അപരാജിത സിംഗ്, ശ്രീമതി. ബീനാപ്രകാശ് എന്നിവർ കേസിന്റെ വിചാരണ വേളയിൽ കോടതിയിൽ ഹാജരായിട്ടുണ്ട്. തമിഴ് നാട് സർക്കാരിനു വേണ്ടി മുതിർന്ന അഭിഭാഷകരായ ശ്രീ.കെ.പരാശരനും ശ്രീ.വിനോദ്.എ.ബോബ്ടെയും, ശ്രീ. കൃഷ്ണമൂർത്തി, സ്റ്റാൻഡിംഗ് കൗൺസിൽ, ശ്രീ. ജി.ഉമാപതി, അഭിഭാഷകരായ ശ്രീ. നെടുമാരൻ എന്നിവരും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഹാജരായി.

2011 മെയ് മുതൽ 2013 ആഗസ്റ്റ് വരെ

കേരള സർക്കാരിനു വേണ്ടി ശ്രീ.രമേശ് ബാബു എം.ആർ, സ്റ്റാൻഡിംഗ് കൗൺസിലും മുതിർന്ന അഭിഭാഷകരായ ശ്രീ.ഹരീഷ്.എൻ.സാൽവേയും, ശ്രീ. രാജീവ് ധവാനും, ശ്രീ.വി.ഗിരിയും, അഭിഭാഷകനായ ശ്രീ.മോഹൻ വി. കട്ടാർക്കിയും വാദിക്കുകയുണ്ടായി.

തമിഴ് നാടിനു വേണ്ടി ശ്രീ.ബി.ബാലാജി സ്റ്റാൻഡിംഗ് കൗൺസിൽ, ശ്രീ. വിനോദ് അരവിന്ദ് ബോബ്ഡെയും, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ.ഗുരു കൃഷ്ണകുമാർ, ശ്രീ.രാജു രാമചന്ദ്രൻ, അഡ്വക്കേറ്റ് ജനറൽ ശ്രീ.സുബ്രഹ്മണ്യപ്രസാദ്, ശ്രീ.ജി.ഉമാപതി എന്നിവർ ഹാജരായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ